# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **424** | **29.11.2018** - ൽ മറുപടിക്ക് |
|---|---|

### പെട്രോളിനും ഡീസലിനും ഈടാക്കുന്ന സെസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പെട്രോളിനും ഡീസലിനും സംസ്ഥാനത്ത് എത്ര ശതമാനം സെസ് ആണ് ഈടാക്കിവരുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ സെസ് ഇനത്തിലുള്ള വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്; | (എ) | പെട്രോളിനും, ഡീസലിനും സംസ്ഥാനത്ത് ഒരു ശതമാനം സെസ് ആണ് ഈടാക്കി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സെസ് ഇനത്തിലുള്ള വരുമാനത്തിൽ 12.8 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പെട്രോൾ, ഡീസൽ വിലവർദ്ധനവുണ്ടായ സാഹചര്യങ്ങളിലോ മറ്റേതെങ്കിലും സാഹചര്യങ്ങളിലോ ഈ ഉത്പന്നങ്ങളിൽ നിന്നുള്ള സെസ് വിഹിതം വിലവർദ്ധനവിന് ആനുപാതികമായി വർദ്ധിപ്പിക്കാതിരിക്കുകയോ വേണ്ടെന്ന് വയ്ക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെസ് ഈടാക്കുന്നതിൽ മാറ്റം വരുത്തിയിട്ടില്ല. |
| (സി) | അടിയ്ക്കടിയുണ്ടാകുന്ന പെട്രോൾ, ഡീസൽ വിലവർദ്ധനവ് തടയുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | അടിയ്ക്കടിയുണ്ടാകുന്ന പെട്രോൾ, ഡീസൽ വില വർദ്ധനവ് തടയുന്നതിന് സംസ്ഥാന സർക്കാർ 01.06.2018 മുതൽ വിലയിൽ ഒരു രൂപ കുറയുന്ന രീതിയിൽ നികുതിനിരക്ക് കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (SRO No. 345/18 തീയതി 31.05.2018). |

**സെക്ഷൻ ഓഫീസർ**